**പാട്ടുംപാടി വയോജനങ്ങൾ, അയൽക്കൂട്ട വനിതകൾക്ക് നൃത്തവും പാട്ടും... ഇടുക്കിയിൽ ലോക്ക് ഡൗൺ കാലം ഉഷാറാക്കി വാട്ട്സാപ് അരങ്ങ് സൗഹൃദ മത്സരം**

ലോക്ക് ഡൗൺ കാലം വെറുതേ വീടിനകത്തിരിക്കാനൊന്നും ഇടുക്കി ജില്ലയിലെ അയൽക്കൂട്ട അംഗങ്ങളും വയോജന അയൽക്കൂട്ടത്തിലെ അംഗങ്ങളും തയ്യാറല്ല. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വാട്ട്സാപ് അരങ്ങ് സൗഹൃദമത്സരത്തിലൂടെ പാട്ടുമത്സരത്തിലും ഡാൻസ് മത്സരത്തിലും വീട്ടിലിരുന്നു തന്നെ പങ്കെടുത്ത് തങ്ങളുടെ സർഗശേഷികൾ വീണ്ടെടുത്ത് വിജയികളായിരിക്കുകയാണ് ഇവർ. ജില്ലയിൽ കുടുംബശ്രീയുടെ കീഴിൽ 1092 വയോജന അയൽക്കൂട്ടങ്ങളും അതിൽ 9947 അംഗങ്ങളുമുണ്ട്. 54 സി.ഡി.എസുകളിൽ 11,840 അയൽക്കൂട്ടങ്ങളുമുണ്ട്. ലോക്ക് ഡൗൺ കാലം അയൽക്കൂട്ടങ്ങളെ എങ്ങനെ സജീവമായി നിലനിർത്താം എന്ന ചിന്തയാണ് കലാപരമായ മത്സരങ്ങൾ സംഘടിപ്പിക്കാമെന്ന ആശയത്തിലെത്തിയത്. അപ്പോൾ എന്തൊക്കെ മത്സരങ്ങൾ വേണമെന്നായി. അതിലും തീരുമാനമായപ്പോൾ ഉടൻ തന്നെ സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതല വാട്ട്സാപ് ഗ്രൂപ്പിലേക്ക് ഉടൻ തന്നെ മത്സരങ്ങൾ സംബന്ധിച്ച സന്ദേശങ്ങൾ പറന്നു.

പ്രായമായ അയൽക്കൂട്ട അംഗങ്ങൾക്കിടയിൽ വാട്ട്സാപ് അരങ്ങ് സൗഹൃദ മത്സരത്തെ കുറിച്ചറിഞ്ഞപ്പോൾ, അയ്യോ ഞങ്ങളോ, പാട്ടുമത്സരത്തിനോ, ഈ പ്രായത്തിലിനി എന്തു പാടാൻ എന്ന ഭാവമായിരുന്നു. പക്ഷേ വീട്ടിൽ മക്കളും കൊച്ചു മക്കളും ചേർന്ന് അപ്പൂപ്പനെയും അമ്മൂമ്മയേയും പ്രോത്സാഹിപ്പിച്ചു. പാട്ടുപാടാൻ നിർബന്ധിച്ചു. നാടൻ പാട്ട് മത്സരമാണ് ഇവർക്കായി നിർദേശിച്ചിരുന്നതെങ്കിലും സിനിമാ ഗാനങ്ങൾ പാടിയവരും ഏറെയായിരുന്നു. ഗാനം ആലപിക്കുന്ന വ്യക്തിയുടെ പേര്,

അയൽക്കൂട്ടത്തിന്റെ പേര്, വാർഡ്, സി.ഡി.എസിന്റെ പേര് എന്നിവ പറഞ്ഞതിനു ശേഷമാണ് ഓരോ വ്യക്തിയും തങ്ങളുടെ ഗാനം മൊബൈലിൽ ചിത്രീകരിക്കുന്നത്. മൂന്നു മിനിട്ടു നേരമാണ് വീഡിയോയുടെ ദൈർഘ്യം. രാജകുമാരി സി.ഡി.എസിലെ അനശ്വര അയൽക്കൂട്ട അംഗമായ മേരി, കോടിക്കുളം സി.ഡി.എസിലെ കൃപ അയൽക്കൂട്ട അംഗമായ റോസിലി എന്നിവർ പാട്ടു മത്സരത്തിൽ ഒന്നാം സ്ഥാനം പങ്കിട്ടു. രാജകുമാരി സി.ഡി.എസിലെ വയോജന അയൽക്കൂട്ട അംഗമായ കൃഷ്ണൻകുട്ടിക്കാണ് രണ്ടാം സ്ഥാനം. കുടയത്തൂർ സി.ഡി.എസിലെ ജ്വാല അയൽക്കൂട്ട അംഗമായ അമ്മിണി, ഏലപ്പാറ സി.ഡി.എസിലെ കൊച്ചുപെണ്ണ് എന്നിവർ മൂന്നാം സ്ഥാനവും നേടി. ലോക്ക് ഡൗൺ കാലത്തെ ആകുലതകളോ പ്രായത്തിന്റെ അവശതകളോ ഒന്നും തന്നെ ഇവരെ ബാധിക്കുന്നില്ല എന്ന് ഇവർ ഓരോരുത്തരുടെയും പ്രകടനത്തിലൂടെ അവർ തെളിയിച്ചത്.

അയൽക്കൂട്ട വനിതകൾക്കു വേണ്ടി സംഘടിപ്പിച്ച പാട്ടു മത്സരത്തിനു വലിയ താഴെ തട്ടിൽ വലിയ സ്വീകരണമാണ് ലഭിച്ചത്. സർഗശേഷിയുള്ള നിരവധി ഗായികമാർ അയൽക്കൂട്ട കുടുംബങ്ങളിലുണ്ട് എന്നു തെളിയിക്കുന്നതായിരുന്നു മത്സരത്തിനായി അയച്ചു തന്ന വീഡിയോകൾ എല്ലാം. ഇതിൽ നിന്നും ശ്രീരാഗമോ തേടുന്നു എന്ന ഗാനം ആലപിച്ച കട്ടപ്പന സി.ഡി.എസിൽ രണ്ടാം വാർഡിലെ ശാന്തി അയൽക്കൂട്ട അംഗമായ അശ്വതി വിജയനാണ് ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം.

രണ്ടാം സ്ഥാനം മൂന്നു പേർക്കുണ്ട്. എന്തിനായി നിൻ ഇടം കണ്ണിൻ എന്ന ഗാനം ആലപിച്ച നെടുങ്കണ്ടം സി.ഡി.എസിലെ സൗപർണിക അയൽക്കൂട്ട അംഗമായ ശ്രുതി, രാപ്പാടി തൻ പാട്ടിൻ കല്ലോലിനി എന്ന ഗാനം ആലപിച്ച മാങ്കുളം സി.ഡി.എസിലെ

12ആം വാർഡിലെ വിശ്വദീപ്തി അയൽക്കൂട്ട അംഗമായ ഷിജി റോജൻ, കണ്ണു തുറക്കാത്ത ദൈവങ്ങളേ  എന്ന പാട്ടു പാടിയ ഉപ്പുതറ സി.ഡി.എസിലെ മാനസി അയൽക്കൂട്ട അംഗമായ ബിന്ദു സജീവ് എന്നിവരാണ് രണ്ടാം സ്ഥാനം പങ്കിട്ടത്. മൂന്നാം സ്ഥാനം മണക്കാട് സി.ഡി.എസിലെ  പതിനൊന്നാം വാർഡിലെ കൃപ അയൽക്കൂട്ട അംഗമായ ജെസി വർഗീസ്  രാജകുമാരി സി.ഡി.എസിലെ രേഷ്മ അയൽക്കൂട്ട അംഗമായ ജിൽസ വർഗീസ്  എന്നിവരും നേടി. എക്കാലവും ശ്രോതാക്കളുടെ മനം കവർന്ന നിരവധി ഗാനങ്ങളുമായാണ് അയൽക്കൂട്ടത്തിലെ ചേച്ചിമാർ മത്സരത്തിൽ പങ്കെടുത്തത്.

പാട്ടിൽ മാത്രമല്ല, നൃത്തത്തിലും മിടുക്കരാണ് തങ്ങളെന്ന് തെളിയിക്കുന്നതായിരുന്നു അയൽക്കൂട്ട സഹോദരിമാരുടെ പ്രകടനം. മൂന്നു മിനിട്ട് ദൈർഘ്യമുള്ളതാണ് ഓരോ വീഡിയോയാണ് മത്സരത്തിനയച്ചത്. മണക്കാട് സി.ഡി.എസിലെ അക്ഷയ കുടുംബശ്രീ അംഗമായ വിജയം ഗോപാലകൃഷ്ണനായിരുന്നു സിംഗിൾ ഡാൻസിൽ ഒന്നാം സ്ഥാനം. അറുപതുകാരിയായ വിജയം സംസ്ഥാനതല അരങ്ങ് മത്സരത്തിലും ഒന്നാം സ്ഥാനം നേടിയിരുന്നു. ചക്കുപള്ളം സി.ഡി.എസിലെ സൂര്യ കുടുംബശ്രീ അംഗമായ സുബി മനീഷിനാണ് രണ്ടാം സ്ഥാനം. മക്കളുടെ കൂടി സഹായത്തോടെയാണ് പലരും പാട്ടും ഡാൻസും പഠിച്ച് അവതരിപ്പിച്ചത്. അമ്മമാർ ഡാൻഡ് ചെയ്യുന്നതു കാണുമ്പോൾ മക്കൾക്കും അച്ഛനും അത്ഭുതവും അതിലേറെ സന്തോഷവും. കുടുംബവും പ്രാരാബ്ധവും മക്കളുടെ പഠനവുമൊക്കെയായി പാട്ടും ഡാൻസുമൊക്കെ മാറ്റി വച്ചെങ്കിലും അവസരം കിട്ടിയപ്പോൾ അത് ഫലപ്രദമായി വിനിയോഗിച്ചു കൊണ്ട് സന്തോഷം പങ്കിടുകയാണ് കുടുംബശ്രീ വനിതകൾ.

സംഗീത സംവിധായകൻ സുജിത് കൃഷ്ണൻ, നൃത്ത സംഗീത അധ്യാപകനായ  ബാലു മേവിട എന്നിവരായിരുന്നു വിധികർത്താക്കൾ. മത്സരങ്ങൾ മികച്ച നിലവാരം

പുലർത്തുന്നവയായിരുന്നു എന്നും എല്ലാവരും പ്രോത്സാഹനം അർഹിക്കുന്നുവെന്നും വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.